**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **12-06-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം-കനാലുകളിലെ നീരൊഴുക്ക് സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ, പത്തിയൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെ കടന്ന് പോകുന്ന കരിപ്പുഴ കനാലിലും കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, കായംകുളം നഗരസഭാ എന്നിവിടങ്ങളിലൂടെ കടന്ന് പോകുന്ന മലയം കനാലിലും മണ്ണ്, പോള, മറ്റ് മാലിന്യങ്ങൾ എന്നിവയാൽ നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കനാലുകളുടെ ആഴം വർദ്ധിപ്പിച്ചും മാലിന്യങ്ങൾ നീക്കം ചെയ്തും ജല നിർഗ്ഗമനം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തര മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി മലയൻ കനാൽ വൃത്തിയാക്കുന്നതിന് "Emergency Monsoon Prepardness 2024-Cleaning of Malayan Canal in Krishnapuram Panchayath and Kayamkulam Municipality" (4.00 ലക്ഷം രൂപ) എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കരിപ്പുഴ തോട്ടിൽ കായംകുളം മുനിസിപ്പാലിറ്റി വാർഡ് 7 ഉം 12ഉം അതിർത്തി പങ്കിടുന്ന കോയിക്കൽപടി പാലത്തിനു സമീപമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ